# പതിമൂന്നാം കേരള നിയമസഭ
## പത്താം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3258 29/01/2014-ൽ മറുപടിക്ക്

**പൈതൃക മ്യൂസിയങ്ങൾ**

**ചോദ്യം**

ശ്രീ. കെ. മുരളീധരൻ :
ശ്രീ. വി.പി. സജീന്ദ്രൻ :
ശ്രീ. എം.പി. വിൻസെന്റ് :
ശ്രീ. എ.പി.അബ്ദുള്ളക്കുട്ടി :

**ഉത്തരം**

ശ്രീ. കെ.സി. ജോസഫ്
(ബഹു.ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികവും നോർക്കയും വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| (എ) | എല്ലാ ജില്ലകളിലും പൈതൃക മ്യൂസിയങ്ങൾ ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ ; വിശദമാക്കുമോ ; | (എ) ആന്റ് (ബി) | കേരളത്തിലെ 14 ജില്ലകളിൽ ജില്ലാ ചരിത്ര പൈതൃക മ്യൂസിയം ആരംഭിക്കാൻ തീരുമാനം എടുത്തിട്ടുണ്ട് ഓരോ ജില്ലയുടെയും തനതായ പൈതൃകം കാത്തു സൂക്ഷിക്കുന്നതിനു വേണ്ടിയാണ് ഇത്തരം മ്യൂസിയങ്ങൾ സ്ഥാപിക്കുന്നത്. |
| (ബി) | പ്രസ്തുത പദ്ധതി മുഖേന എന്തെല്ലാം ലക്ഷ്യങ്ങളാണ് കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ ; | | |
| (സി) | ആരുടെയെല്ലാം സഹായത്തോടെയാണ് ഇത് നടപ്പാക്കാൻ ഉദ്ദേശിക്കുന്നത് ; വിശദമാക്കാമോ ; | (സി) | കേരളം ചരിത്ര പൈതൃക മ്യൂസിയം എന്ന നോഡൽ ഏജൻസി വഴിയാണ് ഈ പദ്ധതി നടപ്പാക്കുന്നത്. |
| (ഡി) | ആയതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാം ? | (ഡി) | ഇതിന്റെ ആദ്യഘട്ടം എന്ന നിലയ്ക്ക് തിരുവനന്തപുരം, പത്തനംതിട്ട, എറണാകുളം, തൃശ്ശൂർ, വയനാട് എന്നീ ജില്ലകളിൽ ജില്ല പൈതൃക മ്യൂസിയം സ്ഥാപിക്കുന്നതിന് കേരളം ചരിത്ര പൈതൃക മ്യൂസിയവുമായി പുരാവസ്തു വകുപ്പ് കരാർ ഒപ്പിട്ടുണ്ട്. ഇതിൽ പത്തനംതിട്ട ജില്ല പൈതൃക മ്യൂസിയം ഒഴികെ ബാക്കി നാലു മ്യൂസിയങ്ങളുടെ അടങ്കൽ തുകയുടെ 20% മുൻകൂർ ആയി കേരളം ചരിത്ര പൈതൃക മ്യൂസിയത്തിന് അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ